# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 557

24.01.2018 - ൽ മറുപടിക്ക്.

## വയനാട് ജില്ലയിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ

ചോദ്യം
ശ്രീ. സി. കെ. ശശീന്ദ്രൻ.

മറുപടി
ശ്രീ. എ. സി. മൊയ്തീൻ
(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി).

| ചോദ്യം | മറുപടി |
|---|---|
| (എ) 2017-18 സാമ്പത്തിക വർഷത്തിൽ വ്യവസായ വകുപ്പിന് കീഴിൽ വയനാട് ജില്ലയിൽ നടപ്പാക്കിയ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ ? | 2017-18 സാമ്പത്തിക വർഷത്തിൽ വ്യവസായ വകുപ്പിന് കീഴിൽ വയനാട് ജില്ലയിൽ സംരംഭകത്വ സഹായ പദ്ധതി പ്രകാരം 30 യൂണിറ്റുകൾക്കായി 113 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരം സമർപ്പിച്ച 143 അപേക്ഷകരിൽ 31 പേരുടെ അപേക്ഷകൾ വിവിധ ബാങ്കുകൾ പാസ്സാക്കുകയുണ്ടായി. മാർജിൻ മണി ഗ്രാന്റ് ഇനത്തിൽ 26 അപേക്ഷകർക്കായി 46.55 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. ചെറുകിട ഇടത്തരം വ്യവസായ സംരംഭകർക്കായി സെമിനാറുകൾ, ഇൻവസ്റ്റ്മെന്റ് മീറ്റ്, സംരംഭകത്വ വികസന പദ്ധതി, സ്കിൽ ഡവലപ്പ്മെന്റ് പ്രോഗ്രാം, ടെക്നോളജി ക്ലിനിക്, കൈത്തറിയുടെ പ്രചാരണത്തിനായി കോളേജ് തലത്തിൽ സെമിനാർ തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ചു. കൈത്തറി മേഖലയിൽ 3193 മീറ്റർ സ്കൂൾ യൂണിഫോം തുണി ഉൽപാദിപ്പിച്ചു. കൂലിയിനത്തിൽ സംഘത്തിനും തൊഴിലാളികൾക്കുമായി 3,37,037/- രൂപ വിതരണം ചെയ്തു. |

സെക്ഷൻ ഓഫീസർ

ജെ/20/01